**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **26-07-2021 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിൽ, അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ, മാമാങ്കം-ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റ് അറ്റ് തിരുമാന്ധാംകുന്ന് ടെമ്പിൾ, അങ്ങാടിപ്പുറം പദ്ധതിക്ക്, 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിന് സാധ്യതകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ള ഏതെല്ലാം പ്രദേശങ്ങളാണ് നിലവിലുള്ളത്; തീർത്ഥാടന ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മങ്കട നിയോജകമണ്ഡലത്തിൽ, മാമാങ്കത്തിൻറെയും ചാവേറുകളുടെയും ചരിത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ പൈതൃക ടൂറിസം സാധ്യത പരിശോധിച്ചശേഷം നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ മഴക്കാലത്ത് മാത്രം രൂപംകൊള്ളുന്ന പാലൂർക്കോട്ട വെള്ളച്ചാട്ടം, കുരങ്ങൻചോല എന്നീ സ്ഥലങ്ങളുടെ ടൂറിസം സാധ്യത വിലയിരുത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. തീർഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഈ മണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്ക്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ